"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ സേവന വകുപ്പ് - പ്ലാൻ ഫണ്ട് 2024-25 - ആരോഗ്യ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ KL 01 AY 8903 നമ്പർ ഓദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ ഭരണാനുമതി നൽകിയ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ടും പ്രവൃത്തിയുടെ ബിൽ തുക ചെലവഴിക്കാൻ ഭരണാനുമതി നൽകി കൊണ്ടും - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.340/2025/H&FWD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നം.എച്ച്.റ്റി.1-91716/18/ആ.വ.ഡ. തീയതി 23.03.2019 എന്ന നടപടിക്രമം
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നം.എച്ച്.റ്റി.1-91716/18/ആ.വ.ഡ. തീയതി 17.01.2020, 18.06.2020, 13.07.2020, 07.08.2020, 04.01.2021, 08.10.2021, 23.11.2021, 28.01.2022 എന്നീ കത്തുകൾ
3. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ച 19.04.2022 തീയതിയിലെ 99/ഇ2/2020/ആ.കു.വ. എന്ന നമ്പർ സർക്കാർ കത്ത്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.05.2022, 20.01.2023 എന്നീ തീയതികളിലെ എച്ച്.റ്റി.1-91716/2021/ആ.വ.ഡ. എന്ന നമ്പർ കത്തുകൾ
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.05.2023, 27.03.2024 എന്നീ തീയതിയിലെ എച്ച്.റ്റി.1/6627/2023/ആ.വ.ഡ. എന്ന നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

മേൽ പരാമർശം 1-ലെ നടപടിക്രമം പ്രകാരം ആരോഗ്യ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (FW)-ന്റെ KL 01 AY 8903 നമ്പർ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി '2211-00-001-96-00-34 OC (P)' എന്ന ശീർഷകത്തിൽ നിന്നും 1,00,892/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത നടപടിക്ക് സാധൂകരണം ആവശ്യപ്പെട്ടു കൊണ്ട് സൂചന 2-ലെ കത്തുകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അറ്റകുറ്റപണികൾക്ക് വകുപ്പ് മേധാവി തലത്തിൽ ഒരു വർഷത്തിൽ അനുമതി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള പരമാവധി തുകയായ 1,00,000/- രൂപ 2019-20 സാമ്പത്തിക വർഷത്തിൽ അധികരിച്ചതിനാൽ പ്രസ്തുത ഭരണാനുമതിയ്ക്ക് സാധൂകരണം നൽകാൻ

നിർവ്വാഹമില്ലെന്ന് സൂചന 3-ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. പിന്നീട് KL 01 AY 8903 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ഇതുമായി ബന്ധപ്പെട്ട് 97,191/- രൂപയുടെ അസ്സൽ ബില്ല് M/s Deedi Motors Pvt Ltd എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ളതുമാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നടപടിക്രമത്തിന് സാധൂകരണം നൽകാത്തതിനാൽ ബിൽ തുക നൽകുവാൻ സാധിച്ചിട്ടില്ലെന്നും മേൽ പരാമർശം 4-ലെ കത്തുകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. '2211-00-001-96-00-34 OC (P)' എന്ന ശീർഷകത്തിലാണ് ഭരണാനുമതി നൽകിയതെന്നും എന്നാൽ ടി ശീർഷകം അല്ല നിലവിലുള്ളതെന്നും ആയതിനാൽ നിലവിൽ ഫണ്ട് ലഭ്യമായിട്ടുള്ള '2210-01-200-91-34 OC (P) - ആരോഗ്യ ഗതാഗതം' എന്ന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകി ടി ബില്ലിന് സാധൂകരണം നൽകണമെന്നും മേൽ പരാമർശം 4, 5 എന്നിവയിലെ കത്തുകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം വിശദായി പരിശോധിച്ചു. അവശ്യ സർവീസ് വിഭാഗത്തിലുൾപ്പെടുന്ന ആരോഗ്യ വകുപ്പിലെ വാഹനങ്ങൾക്ക് അർഹമായ പരിഗണന നൽകേണ്ടതുള്ളതിനാൽ നിലവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടികൾ ആവർത്തിക്കാതിരിക്കുവാൻ 07/08/2017-ലെ സ.ഉ(സാധാ)നം.102/2017/ധന ഉത്തരവ് കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടെ, ആരോഗ്യ വകുപ്പ് ആസ്ഥാന കാര്യലയത്തിലെ അഡീഷണൽ ഡയറക്ടർ (FW)-ന്റെ KL 01 AY 8903 നമ്പർ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി 2019-ൽ നിലവിലുണ്ടായിരുന്ന '2211-00-001-96-00-34 OC (P)' എന്ന ശീർഷകത്തിനു കീഴിൽ 1,00,892/- രൂപയുടെ ഭരണാനുമതി നൽകിയ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആയതിന് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. **'KL 01 AY 8903 നമ്പർ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ' എന്ന പ്രവൃത്തിയ്ക്ക്** അന്തിമ ബില്ല് പ്രകാരം ചെലവ് വന്ന തുകയായ **97,191/- രൂപ (തൊണ്ണൂറ്റി ഏഴായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) '2210-01-200-91-34 OC (P) - ആരോഗ്യ ഗതാഗതം'** എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് **ഭരണാനുമതി** നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് - എ) വകുപ്പ് [നം. 1490992/HLT-A1/67/2020-FIN തീയതി 27.01.2025 എന്ന അഭിപ്രായം പ്രകാരം]
ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 06-02-2025 16:35:07

സെക്ഷൻ ഓഫീസർ